പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4258 — 13.12.2018 ൽ മറുപടിയ്ക്ക്

## യുവജനക്ഷേമ ബോർഡ് നടപ്പിലാക്കുന്ന പദ്ധതികൾ

**ചോദ്യം**
ശ്രീ. ആർ.രാജേഷ്

**മറുപടി**
ശ്രീ.ഇ.പി.ജയരാജൻ
(ബഹു.വ്യവസായവും, സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വളർന്നുവരുന്ന യുവ പ്രതിഭകൾക്ക് യുവജനകാര്യവകുപ്പ് ഏതൊക്കെ നിലയിൽ പ്രോത്സാഹനം നൽകുന്നുവെന്ന് വ്യക്തമാക്കുമോ; | (എ) | യുവപ്രതിഭകളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സാമൂഹ്യ പ്രവർത്തനം, മാധ്യമ പ്രവർത്തനം, (പ്രിന്റ്/ദൃശ്യ മീഡിയ) കല, സാഹിത്യം , ഫൈൻ ആർട്സ്, കായികം, ശാസ്ത്രം, സംരംഭകത്വം, കൃഷി എന്നീ മേഖലകളിൽ മികച്ച പ്രവർത്തനം നടത്തിയ യുവജനങ്ങൾക്ക് എല്ലാ വർഷവും സ്വാമി വിവേകാനന്ദൻ യുവ പ്രതിഭാ പുരസ്കാരം യുവജനക്ഷേമ ബോർഡ് നൽകി വരുന്നു.അവാർഡ് തുക 50,000/- രൂപയാണ്. നഗരവാസികൾക്കൊപ്പം തന്നെ ഗ്രാമീണമേഖലയിലെ യുവജനങ്ങൾക്കും തങ്ങളുടെ കലാകായിക കഴിവുകൾ പ്രകടിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും അവസരമൊരുക്കുക എന്ന ലക്ഷ്യത്തോടെ കേരളോത്സവം എന്ന പരിപാടിയും ബോർഡ് സംഘടിപ്പിച്ച് വരുന്നു. ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ബ്ലോക്ക്, ജില്ലാതലങ്ങളിലായി 5 ലക്ഷത്തിലധികം യുവ കലാകായിക പ്രതിഭകൾ കോരളോത്സവത്തിൽ പങ്കെടുക്കുന്നു.കേരളോത്സവ വിജയികൾക്ക് ട്രോഫി, സർട്ടിഫിക്കറ്റ്, പ്രൈസ് മണി എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. |
| ബി) | സാമ്പത്തികമായി ഇവരെ സഹായിക്കുന്നതിനുള്ള ഏതെങ്കിലും പദ്ധതികൾ നിലവിലുണ്ടോ ; | (ബി) | ഇല്ല |

| | | | |
|---|---|---|---|
| (സി) | കായിക താരങ്ങൾക്കായി യുവജനക്ഷേമ ബോർഡ് വഴി ലഭ്യമാക്കുന്ന പദ്ധതികൾ ഏതൊക്കെ ; ഇതിനായി സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ വിശദമാക്കുമോ? | (സി) | കായികതാരങ്ങൾക്കായി നിലവിൽ പ്രത്യേക പദ്ധതികൾ ഒന്നുംതന്നെ യുവജനക്ഷേമ ബോർഡ് നടപ്പിലാക്കി വരുന്നില്ല. അടുത്ത സാമ്പത്തിക വർഷത്തിൽ യുവജനക്ഷേമ ബോർഡുമായി സഹകരിച്ച് പ്രവർത്തിക്കുന്ന യൂത്ത് ക്ലബ്ബുകളിലൂടെ യുവജനങ്ങളുടെ കായിക ക്ഷമത മെച്ചപ്പെടുത്തുന്നതിനായി ഫുട്ബോൾ, വോളീബോൾ, കബഡി, ക്രിക്കറ്റ് തുടങ്ങിയ കായിക ഇനങ്ങളിൽ ടീമുകൾ രൂപീകരിക്കുകയും പരിശീലനം നൽകുകയും ചെയ്യുന്നതിനായുള്ള പദ്ധതി നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നു. കൂടാതെ, ക്ലബ്ബുകൾക്ക് ആവശ്യമായ കായികോപകരണങ്ങൾ വാങ്ങി നൽകുന്നതിനും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. |

**സെക്ഷൻ ഓഫീസർ**